# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം<br>നം. 5415 | 25-10-2011 - ൽ മറുപടിക്ക് |
|---|---|

## വി.എച്ച്.എസ്.ഇ ലാബ് ടെക്നിക്കൽ അസിസ്റ്റന്റ് നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി.സി ജോർജ്<br>ഡോ. എൻ. ജയരാജ് | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | വൊക്കേഷണൽ ഹയർസെക്കണ്ടറി ലാബ് ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിലേക്ക് പി.എസ്.സി ആദ്യമായി നിയമനം നടത്തിയത് എന്നാണ് ; | (എ) | ഈ വകുപ്പിൽ ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിലേക്ക് പി.എസ്.സി ആദ്യമായി നിയമനം നടത്തിയത് 2008 ഒക്ടോബറിലാണ്. |
| (ബി) | ഇപ്രകാരം എത്ര പേർക്ക് നിയമനം ലഭിച്ചു ; | (ബി) | 570 |
| (സി) | നിലവിലുള്ള സ്പെഷ്യൽ റൂൾസ് പ്രകാരം പ്രസ്തുത തസ്തികയിലെ പ്രമോഷൻ സാധ്യത എപ്രകാരമാണ് ; | (സി) | യോഗ്യതയുള്ള ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റുമാർക്ക് 2:1:7(20%) എന്ന അനുപാതത്തിൽ വൊക്കേഷണൽ ഇൻസ്ട്രക്ടർമാരായി പ്രമോഷൻ ലഭിക്കും |
| ഡി | വി.എച്ച്.എസ്.ഇ ലാബ് ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിൽ സേവനം അനുഷ്ഠിക്കുന്നവർക്ക് മതിയായ യോഗ്യത ഉണ്ടെങ്കിൽ നോൺവൊക്കേഷണൽ ടീച്ചർ തസ്തികയിലേക്ക് പ്രൊമോഷൻ വഴി നിയമനം ലഭിക്കാൻ തടസ്സമുണ്ടോ; എങ്കിൽ ആയതു പരിഹരിക്കാൻ സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്താൻ നടപടി സ്വീകരിക്കുമോ ? | (ഡി) | ഉണ്ട്. നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ